പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1339 | 15-10-2026-ൽ മറുപടിയ്ക്ക്

<u>ഡിജിറ്റൽ സർവേയിൽ കണ്ടെത്തുന്ന അധികഭൂമിയുടെ ക്രമവത്കരണം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഡിജിറ്റൽ സർവേ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; റീസർവേ നടപടികൾ വേഗത്തിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> സംസ്ഥാനത്തെ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി ഇതുവരെ ആകെ 839 വില്ലേജുകളിൽ സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 266 വില്ലേജുകളിൽ സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 120 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 214 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പുരോഗമിച്ചുവരികയാണ്. 239 വില്ലേജുകളിൽ പ്രാഥമിക സർവെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ആകെ 10.60 ലക്ഷം ഹെക്ടർ വിസ്തൃതിയിലെ 73.71 ലക്ഷം പാർസലുകളുടെ സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിലെ ഡിജിറ്റൽ സർവെയിൽ കണ്ടെത്തിയിട്ടുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ കൃത്യതയോടെയും സുതാര്യതയോടെയും ജനപങ്കാളിത്തത്തോടെയും പരാതികൾ പരമാവധി ഒഴിവാക്കി (Zero LRM) ഡിജിറ്റൽ സർവെ നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി 01.11.2026 മുതൽ പരിഷ്കരിച്ച സംവിധാനമായ Digital Survey 2.0 ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ, ഡിജിറ്റൽ സർവെയുടെ പ്രാധാന്യം പൊതുജനങ്ങളിൽ വ്യാപകമായി എത്തിക്കുന്നതിനും സർവെ നടപടികളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി പ്രൊഫഷണൽ ഏജൻസികളുടെ സഹായത്തോടെ വിവര-വിദ്യാഭ്യാസ-ബോധവൽക്കരണ പ്രവർത്തനങ്ങൾ (Information, Education and

Communication - IEC) കാര്യക്ഷമമായും ഏകോപിതമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി IEC & Strategic Communication Campaign നടപ്പിലാക്കുന്നതിനായി പ്രൊഫഷണൽ കമ്മ്യൂണിക്കേഷൻ ഏജൻസിയെ നിയമിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

**(ബി)** മുൻപുണ്ടായിരുന്ന അളവിനേക്കാൾ ഡിജിറ്റൽ സർവേയിൽ അധികമായി കണ്ടെത്തുന്ന ഭൂമിയുടെ പോക്കുവരവ്, രജിസ്ട്രേഷൻ നടപടികളിൽ ഉടമകൾക്ക് തടസ്സം നേരിടുന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ;

__മറുപടി:__ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 വിജ്ഞാപനം പുറപ്പെടുവിച്ച വില്ലേജുകളിലെ ഭൂവുടമകളുടെ കൈവശഭൂമിക്ക് ആധാരപ്രകാരമുള്ള വിസ്തീർണത്തിൽ നിന്നും വ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് ക്രമവൽക്കരിക്കുന്നതിനായുള്ള ബിൽ ബഹു. നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതും ആയത് ബഹു. നിയമസഭ പാസാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ബിൽ നിലവിൽ ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

കൂടാതെ, ഡിജിറ്റൽ സർവ്വേ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജിലെ ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുമ്പോൾ ഡിജിറ്റൽ ബി.റ്റി.ആർ (d- BTR) അടിസ്ഥാനാമാക്കിയാണ് തുടർനടപടികൾ സ്വീകരിക്കേണ്ടതെന്ന് 13/01/2025 ലെ സ.ഉ (കൈ ) നം.7/2025/RD ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

കൂടാതെ, ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തൃതിയേക്കാൾ കൂടുതൽ വിസ്തൃതി ഡിജിറ്റൽ പ്രീമ്യൂട്ടേഷൻ സ്കെച്ചിൽ (DPMS) ഉൾപ്പെട്ടിട്ടുള്ളതും തർക്കരഹിതവുമായ ഭൂമിയുടെ വിവരങ്ങൾ പ്രമാണത്തിൽ വ്യക്തമായി രേഖപ്പെടുത്തി രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് 11.03.2026-ലെ ജെ 2/64/2026/നി.വ നമ്പർ കത്ത് മുഖേന നികുതി വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

ഡിജിറ്റൽ സർവ്വേ രേഖകൾ പ്രകാരം ഒരു കൈവശക്കാരന് ഉടമസ്ഥതാ രേഖയിൽ ഉള്ളതിനേക്കാൾ അധികമായി വിസ്തീർണ്ണം രേഖപ്പെടുത്തപ്പെട്ട സാഹചര്യങ്ങളിൽ, പ്രസ്തുത അധിക ഭൂമിക്ക് പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് 15/03/2026 ലെ സ.ഉ.(സാധാ) നം. 677/2026/RD പ്രകാരം നിബന്ധനകളോടെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**(സി)** ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ ഭൂവുടമകൾക്ക് നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ അധികമായി ഡിജിറ്റൽ സർവേയിൽ കണ്ടെത്തുന്ന ഭൂമി ക്രമവത്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

__മറുപടി:__ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 വിജ്ഞാപനം പുറപ്പെടുവിച്ച വില്ലേജുകളിലെ ഭൂവുടമകളുടെ കൈവശഭൂമിക്ക് ആധാരപ്രകാരമുള്ള വിസ്തീർണത്തിൽ നിന്നും വ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് ക്രമവൽക്കരിക്കുന്നതിനായുള്ള ബിൽ ബഹു. നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതും ആയത് ബഹു. നിയമസഭ പാസാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ബിൽ നിലവിൽ ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

കൂടാതെ, ഡിജിറ്റൽ സർവ്വേ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജിലെ ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുമ്പോൾ ഡിജിറ്റൽ ബി.റ്റി.ആർ (d- BTR) അടിസ്ഥാനമാക്കിയാണ് തുടർനടപടികൾ സ്വീകരിക്കേണ്ടതെന്ന് 13/01/2025 ലെ സ.ഉ (കൈ ) നം.7/2025/RD ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

കൂടാതെ, ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തൃതിയേക്കാൾ കൂടുതൽ വിസ്തൃതി ഡിജിറ്റൽ പ്രീമ്യൂട്ടേഷൻ സ്കെച്ചിൽ (DPMS) ഉൾപ്പെട്ടിട്ടുള്ളതും തർക്കരഹിതവുമായ ഭൂമിയുടെ വിവരങ്ങൾ പ്രമാണത്തിൽ വ്യക്തമായി രേഖപ്പെടുത്തി രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് 11.03.2026-ലെ ജെ 2/64/2026/നി.വ നമ്പർ കത്ത് മുഖേന നികുതി വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

ഡിജിറ്റൽ സർവ്വേ രേഖകൾ പ്രകാരം ഒരു കൈവശക്കാരന് ഉടമസ്ഥതാ രേഖയിൽ ഉള്ളതിനേക്കാൾ അധികമായി വിസ്തീർണ്ണം രേഖപ്പെടുത്തപ്പെട്ട സാഹചര്യങ്ങളിൽ, പ്രസ്തുത അധിക ഭൂമിക്ക് പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് 15/03/2026 ലെ സ.ഉ.(സാധാ) നം. 677/2026/RD പ്രകാരം നിബന്ധനകളോടെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**(ഡി)** പ്രസ്തുത ക്രമവൽക്കരണ നടപടികൾക്ക് എന്നു മുതലാണ് പ്രാബല്യം നൽകുന്നത്; നടപടികൾക്ക് മുൻകാല പ്രാബല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

__മറുപടി:__ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 വിജ്ഞാപനം പുറപ്പെടുവിച്ച വില്ലേജുകളിലെ ഭൂവുടമകളുടെ കൈവശഭൂമിക്ക് ആധാരപ്രകാരമുള്ള വിസ്തീർണത്തിൽ നിന്നും വ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിൽ,

ആയത് ക്രമവൽക്കരിക്കുന്നതിനായുള്ള ബിൽ ബഹു. നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതും ആയത് ബഹു. നിയമസഭ പാസാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ബിൽ നിലവിൽ ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

കൂടാതെ, ഡിജിറ്റൽ സർവ്വേ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജിലെ ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുമ്പോൾ ഡിജിറ്റൽ ബി.റ്റി.ആർ (d- BTR) അടിസ്ഥാനാമാക്കിയാണ് തുടർനടപടികൾ സ്വീകരിക്കേണ്ടതെന്ന് 13/01/2025 ലെ സ.ഉ (കൈ ) നം.7/2025/RD ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

കൂടാതെ, ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തൃതിയേക്കാൾ കൂടുതൽ വിസ്തൃതി ഡിജിറ്റൽ പ്രീമ്യൂട്ടേഷൻ സ്കെച്ചിൽ (DPMS) ഉൾപ്പെട്ടിട്ടുള്ളതും തർക്കരഹിതവുമായ ഭൂമിയുടെ വിവരങ്ങൾ പ്രമാണത്തിൽ വ്യക്തമായി രേഖപ്പെടുത്തി രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് 11.03.2026-ലെ ജെ 2/64/2026/നി.വ നമ്പർ കത്ത് മുഖേന നികുതി വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

ഡിജിറ്റൽ സർവ്വേ രേഖകൾ പ്രകാരം ഒരു കൈവശക്കാരന് ഉടമസ്ഥതാ രേഖയിൽ ഉള്ളതിനേക്കാൾ അധികമായി വിസ്തീർണ്ണം രേഖപ്പെടുത്തപ്പെട്ട സാഹചര്യങ്ങളിൽ, പ്രസ്തുത അധിക ഭൂമിക്ക് പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് 15/03/2026 ലെ സ.ഉ.(സാധാ) നം. 677/2026/RD പ്രകാരം നിബന്ധനകളോടെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**